**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**E-mail: ceekinfo.cee@kerala.gov.in**

**Telephone: 0471 - 2525300**

## കീം 2022 - വിജ്ഞാപനം

**മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ/ ബി-ഫാം (MBBS, BDS ഒഴികെ) - റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിന് അവസരം നൽകുന്നു.**

2022-23 അധ്യയന വർഷത്തെ സംസ്ഥാനത്തെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ/ബി-ഫാം (MBBS, BDS ഒഴികെ) കോഴ്സുകളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കിയിട്ടുള്ളവരിൽ റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് തുക ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു. റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

റീഫണ്ട് ലഭിക്കാൻ അർഹതയുള്ള വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ **'KEAM 2022 Candidate Portal'** എന്ന ലിങ്കിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി പ്രവേശിച്ച് **'Submit Bank Account Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അവരവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ **11.04.2023 വൈകിട്ട് 5 മണി വരെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.** (കീം 2022-മായി ബന്ധപ്പെട്ട് റീഫണ്ടിനായി അക്കൗണ്ട് ഡീറ്റെയിൽസ് ഇതിനകം സമർപ്പിച്ചിട്ടുള്ള വിദ്യാർഥികൾ പ്രസ്തുത വിവരങ്ങൾ വീണ്ടും സമർപ്പിക്കേണ്ടതില്ല). ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തി ശരിയാണെന്ന് ഉറപ്പുവരുത്തി **'Submit'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. തുടർന്ന് **'Print Bank Details'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈനായി നൽകിയ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അടങ്ങുന്ന ഒരു സ്ലിപ്പ് വെബ്സൈറ്റിൽ നിന്നും പ്രിന്റൗട്ട് എടുക്കേണ്ടതാണ്. ഈ പ്രിന്റൗട്ട് വിദ്യാർത്ഥികൾ ഭാവി ആവശ്യത്തിനായി സൂക്ഷിക്കേണ്ടതാണ്. വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് റീഫണ്ടിന് അർഹതയുണ്ടെങ്കിൽ ഏപ്രിൽ 3-ആം വാരം മുതൽ തുക ലഭ്യമാക്കുന്നതാണ്.

**കുറിപ്പ്:** വിദ്യാർത്ഥി നൽകുന്ന ബാങ്ക് അക്കൗണ്ട് വിദ്യാർത്ഥികയുടേയോ രക്ഷിതാവിന്റേയോ പേരിലുള്ളതായിരിക്കണം. ഓൺലൈനായി സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശരിയാണെന്ന് വിദ്യാർത്ഥികൾ ഉറപ്പു വരുത്തേണ്ടതാണ്. സീറോ ബാലൻസ് അക്കൗണ്ട്, ബേസിക് സേവിംഗ്സ് അക്കൗണ്ട്, ടൈനി അക്കൗണ്ട്, ജനപ്രിയ അക്കൗണ്ട് എന്നിവയിൽ നിലവിൽ അക്കൗണ്ട് ഉള്ളവർ റീഫണ്ട് ലഭിക്കുന്നതിനായി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് അവരവരുടെ അക്കൗണ്ട് മാറ്റേണ്ടതാണ്. എൻ.ആർ.ഐ അക്കൗണ്ടിലേയ്ക്ക് റീഫണ്ട് നൽകുന്നതല്ല.

I/36361/2023

**വിവരങ്ങൾ തെറ്റായി നൽകുന്നതുമൂലം റീഫണ്ട് തുക ലഭിക്കാതിരുന്നാൽ പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല.**

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

വിശ്വസ്തതയോടെ,

Signed by
Praveen K Wilson
Date: 03-04-2023 14:17:21
Joint Commissioner (Academic)